

# Jubilet

Jubilee Mission Medical College & Research Institute - Since 1951 Vol. 7 Issue: 6 Jul 2021

# ഈ വർഷക്കാലം...

വേനൽക്കാലം കഴിഞ്ഞ് ഒരു വർഷക്കാലം കൂടി ആഗതമായി. ഇടവപാതി ആരംഭിക്കുന്നു. മഴ മൂലം സന്തോഷിക്കുന്ന പ്രകൃതിയേയും കർഷകരെയും അതേ മഴ മൂലം ബുദ്ധിമുട്ടുന്ന വിദ്യാർഥികളെയും ഉദ്യോഗസ്ഥരെയും കാണാൻ കഴിയുന്ന ഒരു കാലം. ശേഖരിച്ചുവെച്ച എല്ലാ വിഭവങ്ങളും ഉപയോഗിച്ച് തീരുന്ന പഞ്ഞത്തിന്റെ കാലം. മഴക്കെടുതികൾ മൂലം ജനം കഷ്ടപ്പെടുന്ന കാലം. സന്തോഷദുഃഖ സമ്മിശ്ര കാലഘട്ടം. ഇതാണ് ജൂൺമാസം.

എന്നാൽ 2021 ജൂൺമാസം കോവിഡ് 19 വൈറസ് മൂലം വളരെ ക്ലേശകരമായ ഒരു സമയമാകും. ആശങ്കകളുടെയും ആകുലതകളുടെയും ഒരു കാലഘട്ടമായി മാറും. മെയ് മാസത്തിലെ കോവിഡ് രോഗികളുടെ കണക്കുകൾ നമ്മെ ഒത്തിരി വേദനിപ്പിക്കുന്നു. ഒത്തിരി ഉറ്റവരുടെ മരണത്തിനിടയാക്കിയ സമയങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. ആഗതമായ വർഷക്കാലവും ഇതിൽ നിന്നും വിഭിന്നമായിരിക്കില്ല. കൈ കഴുകലും, മാസ്ക്കും, സാമൂഹ്യ അകലവും പാലിക്കുന്ന സമയം നാം കൊറോണയിൽ നിന്ന് ദൂരത്താണ്. പ്രതിരോധ കുത്തിവെപ്പും നമ്മുടെ പ്രതിരോധത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നു. അലസമായ ജീവിതശൈലി തന്നോട് തന്നെയും സമൂഹത്തോടുമുള്ള ദ്രോഹമായി മനസ്സിലാക്കപ്പെടും.

കർശനമായ കോവിഡ് പ്രോട്ടോകോൾ പാലനം നമ്മെ ആരോഗ്യമുള്ള ഭാവിയിലേക്ക് നയിക്കും. വർഷത്തിന്റെ ആസ്വാദനം സാമൂഹ്യ അകലം പാലിച്ചു കൊണ്ടായിരിക്കട്ടെ. സ്വയം രോഗി ആകാതെയും രോഗം പരത്തുന്നവരാകാതെയും നമുക്ക് ശ്രദ്ധയോടെ, പ്രത്യാശയോടെ ജീവിക്കാം. മാനവരക്ഷക്കായി സ്വയം ഉരുകി തീർന്ന തിരുഹൃദയം നമ്മെ വഴി നടത്തട്ടെ.

റെവ. ഫാ.ഷിജോ മാപ്രാണത്തുകാരൻ
അസി. ഡയറക്ടർ

# ജൂബിലിയിലെ കോവിഡ് പ്രവർത്തനങ്ങൾക്ക് വിശ്വാസി സമൂഹത്തിന്റെ പ്രത്യേക ആദരവ്



സ്നേഹത്തോടെയുള്ള സേവനം എന്ന മുദ്രാവാക്യവുമായി ഏഴു പതിറ്റാണ്ടു കാലത്തിലേറെയായി ആതുര സേവനരംഗത്ത് പ്രവർത്തിച്ചു വരുന്ന ജൂബിലി മിഷൻ ആശുപത്രിയുടെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് അതിരൂപത വിശ്വാസി സമൂഹത്തിന്റെ പ്രത്യേക ആദരവ്. തൃശൂർ അതിരൂപതയുടെ 134–ാം സ്ഥാപന ദിനത്തിൽ ആശുപത്രിയെ പ്രതിനിധികരിച്ച് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, മെഡിക്കൽ സൂപ്രണ്ടന്റ് ഡോ. സി വി ആൻഡ്രൂസ്, നഴ്സിംഗ് സൂപ്രണ്ടന്റ് സി. ഫിലോ പോൾ എന്നിവർ ചേർന്ന് ഏറ്റു വാങ്ങി.

## വായനാദിനാഘോഷം

ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗിൽ വായന ദിനത്തോടനുബന്ധിച്ച് “വായനയുടെ ബാല്യവും, കൗമാരവും, യൗവനവും, വാർദ്ധക്യവും” എന്ന വിഷയത്തിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ സെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റി വിഭാഗത്തിലെ അസിസ്റ്റൻറ് പ്രൊഫസർ ഡോ. അഭേഷ് രഘുവരൻ ഓൺലൈനിലൂടെ മുഖ്യ പ്രഭാഷണം നടത്തി. വൈസ് പ്രിൻസിപ്പൽ ഡോ സിസ്റ്റർ ഫിലോരെശ്മി സ്വാഗതവും പ്രിൻസിപ്പൽ ഡോ. ഏയ്ൻജല ജ്ഞാനദുരൈ ഉദ്ഘാടനവും ലൈബ്രേറിയൻ ഡോ. ക്രിസ്സ് തോമസ് നന്ദിയും പറഞ്ഞു.

നഴ്സിംഗ് വിദ്യാർത്ഥികൾക്ക് കിസ് മത്സരവും പൊതു ജനങ്ങൾക്ക് വേണ്ടി സാമൂഹിക മാധ്യമം വഴി ഇ–സർട്ടിഫിക്കറ്റോടുകൂടിയ അഞ്ച് ദിവസം നീണ്ടു നിന്ന കിസ് മത്സരവും നടത്തി.

# പരിസ്ഥിതി പുനഃസ്ഥാപനം ജൂബിലി ആയുർവേദയിൽ



ജൂബിലി ആയുർവേദ മിഷൻ ആശുപത്രിയിൽ ജൂൺ 5ന് ലോകപരിസ്ഥിതി ദിനം ആചരിച്ചു. അതിജീവനത്തിന്റെ ഈ കൊറോണ മഹാമാരിയുടെ കാലത്ത്, പരിസ്ഥിതിയുടെയും ജൈവ വൈവിധ്യത്തിന്റെയും സംരക്ഷണം അനിവാര്യമാണ് എന്ന സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് ആശുപത്രി പരിസരത്തു ഔഷധ സസ്യതൈകൾ നട്ടു. മുൻ സുപ്രീം കോടതി ജസ്റ്റിസ് ശ്രീ. കുര്യൻ ജോസഫ്, ഭാര്യ ശ്രീമതി റൂബി കളരിക്കൽ വർക്കി, ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, ചീഫ് കൺസൾറ്റൻറ് ഡോ. സി. ഡൊണാറ്റ എന്നിവർ ഔഷധതൈകൾ നട്ടു. അസ്സോസിയേറ്റ് ഡയറക്ടർ ഫാ. പോൾ പേരമംഗലത്തിന്റെ നേതൃത്വത്തിൽ ആശുപത്രി ജീവനക്കാർക്ക് സൗജന്യ പച്ചക്കറികിറ്റുകളും വിതരണം ചെയ്തു.

## NABH ഓഡിറ്റ് ജൂബിലിയിൽ

NABH ഓഡിറ്റിനോടനുബന്ധിച്ച് ഹൈബ്രിഡ് രീതിയിലുള്ള ഫൈനൽ അസ്സസ്മെന്റ് മൂന്ന് ദിവസങ്ങളിലായി നടന്നു. നിയുക്തരായ 4 അസസ്സേഴ്സിൽ ശ്രീമതി. ബീനമ്മ കുരിയൻ (R.L. ജലപ്പ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, കർണാടക) നേരിട്ടെത്തിയും മൂന്ന് പേർ ഓൺലൈൻ സംവിധാനങ്ങളിലൂടെയും ആശുപത്രിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. ഡോ. കേണൽ ശിഖ വേണുഗോപാൽ (ഫെർണാണ്ടസ് ഹോസ്പിറ്റൽ, ഹൈദരാബാദ്), ഡോ. ഗൗരി ശിവാനി (എം ജി എം മെഡിക്കൽ കോളേജ് & ഹോസ്പിറ്റൽ, മഹാരാഷ്ട്ര), ഡോ. പർവീൺ കുമാർ മോഗ്ഗ (ജിൻഡാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഹിസാർ, ഹരിയാന) തുടങ്ങിയ പ്രമുഖരായിരുന്നു മറ്റു വിധികർത്താക്കൾ.

# നന്ദിയോടെ...

ജൂബിലി മിഷൻ ഹോസ്പിറ്റലിൽ കോവിഡ് വാർഡിൽ സ്തുത്യർഹമായ സേവനം ചെയ്ത ഹോളി ഫാമിലി സഭാംഗങ്ങളായ സി. അമൽ ഫ്രാൻസിസ്, സി. എൽവിന മരിയ, സി. ടെറസിൻ, സി. ജാൻസി റോസ്, സൊസൈറ്റി ഓഫ് ക്രിസ്തുദാസി സഭാംഗങ്ങളായ സി. ഡെയ്സി പോൾ, സി. ഷിജി ദേവസ്യ, ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭാംഗങ്ങളായ സി. ലിറ്റിൽ ട്രീസ, സി. വിജിൽ ജീസ് എന്നിവർക്ക് ഏറ്റവും സ്നേഹത്തോടെ നന്ദി അർപ്പിക്കുന്നു.










## യാത്രമംഗളങ്ങൾ



ഹൗസ് കീപ്പിങ് വിഭാഗത്തിൽ സേവനമനുഷ്ഠിച്ചു വിരമിച്ച ശ്രീമതി സി ഒ റോസിലിക്കും (34 വർഷം) ശ്രീമതി അൽഫോൻസാ മത്തായിക്കും (16 വർഷം) ജൂബിലി കുടുംബത്തിന്റെ ആശംസകൾ.



*"Wishing you much Joy & happiness as you begin a new chapter in your life"*

# പ്രൊഫ. ഡോ. ആൻഡ്രൂസിന് ഐ.എം.എ. ഡോക്ടർസ് ഡേ പ്രതിഭാ പുരസ്കാരം

ജൂലൈ 1, 2021 ഡോക്ടർസ് ഡേ യോട് അനുബന്ധിച്ചു ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ (IMA) തൃശൂർ ശാഖ,



സംഘടനയിലെ മികച്ച സേവനം കാഴ്ച വയ്ക്കുന്ന മുതിർന്ന ഡോക്ടർമാരെ അനുമോദിക്കാനായി സംഘടിപ്പിച്ച യോഗത്തിൽ പ്രതിഭകളെ ആദരിക്കുന്നു എന്ന ശീർഷകത്തോടെ ഡോക്ടർ ബി സി റോയിയുടെ ഓർമ്മ ആചരിച്ചു കൊണ്ട് നടത്തിയ യോഗ ത്തിൽ തൃശൂർ എംഎൽഎ ബഹു. പി ബാലചന്ദ്രൻ അവർകൾ, ഡോ. പി ഗോപികുമാർ (IMA കേരള സംസ്ഥാന സെക്രട്ടറി), മറ്റു മുതിർന്ന IMA ഡോക്ടർമാർ തുടങ്ങിയ വിശിഷ്ടാതിഥികൾ പങ്കെടുത്ത ചടങ്ങിലാണ് ഡോ. സി വി ആൻഡ്രൂസ് (പ്രൊഫസർ, HOD, നേത്രരോഗ വിഭാഗം, മെഡിക്കൽ സൂപ്രണ്ട്, ജൂബിലി) എം എൽ എ ബാലചന്ദ്രൻ അവർകളുടെ കരങ്ങളിൽ നിന്നും ഡോക്ടർസ് ഡേ പ്രതിഭാപുരസ്കാരം സ്വീകരിച്ചത്. ഈ അംഗീകാരത്തിന് ഡോ. ആൻഡ്രൂസിനു ജൂബിലി കുടുംബത്തി ന്റെ എല്ലാ പ്രാർത്ഥനാശംസകളും അനുമോദനങ്ങളും നേരുന്നു.

## ആശംസകളോടെ..........



ജൂബിലി മിഷൻ ആശുപത്രിയുടെ മുഖപത്രമായ ജൂബിലറ്റിന്റെ എഡി റ്റോറിയൽ ബോർഡ് അംഗമായി സേവനമനുഷ്ഠിച്ച അമ്പിളി ഉലഹന്നാന് (JMCON) നന്ദിയുടെ നറുമലരുകളും യാത്രമംഗളങ്ങളും ആശംസിക്കുന്നു.

# അഖിലേന്ത്യ നേത്ര രോഗ വിഭാഗം സൊസൈറ്റി വാർഷിക സമ്മേളനം

എ ഐ ഒ സി നടത്തിയ വെർച്വൽ വാർഷിക സമ്മേളനത്തിൽ 12 ശാസ്ത്രിയ പ്രവർത്തനങ്ങൾ കാഴ്ച വെക്കാനായത് ജൂബിലി മിഷൻ നേത്ര രോഗ വിഭാഗത്തിന് പ്രത്യേക നേട്ടമായി കരുതപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ ജൂബിലി മിഷൻ




നേത്ര രോഗ വിഭാഗം അധ്യാപകരുടെയും ബിരുദാനന്തര വിദ്യാർത്ഥികളുടെയും 2 പ്രബന്ധങ്ങളും 7 ഇലക്ട്രോണിക് പോസ്റ്ററുകളും അവതരിപ്പിച്ചു. റിഫ്രാക്ഷൻ ഇൻസ്ട്രക്ഷൻ കോഴ്സിന്റെയും പോസ്റ്റർ ഫ്രീ പേപ്പർ വിഭാഗത്തിന്റെയും ചെയർമാനും കോ ഇൻസ്ട്രക്ടറും വിധി കർത്താവുമായി പ്രൊഫ. ഡോ. സി വി ആൻഡ്രൂസ് പ്രവർത്തിച്ചു.

## അഭിനന്ദനങ്ങൾ



കർത്തവ്യ ബോധത്തിന്റെ ഉദാത്ത മാതൃക കാഴ്ച വച്ച ശ്രീ. ടാൽവിൻ സി. എസ്. നു (സെക്യൂരിറ്റി, രാജഭവൻ, ഹൗസ് കീപ്പിങ്ങ്) ജൂബിലി കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

ശ്രീ. ടാൽവിന്റെ അവസരത്തിനൊത്ത പ്രവൃത്തിയും മനോധൈര്യവും, പ്രതിബന്ധതയും മൂലം മോഷ്ടാവെന്നു സംശയിക്കുന്ന വ്യക്തിയെ പിടികൂടുവാനും പോലീസ് അധികാരികൾക്കു കൈമാറുവാനും കഴിഞ്ഞു. തുടർന്നും അദ്ദേഹത്തിന്റെ സേവനത്തിൽ അവസരോചിതമായ ഇടപെടൽ സമൂഹനന്മക്ക് ഉപകരിക്കട്ടെയെന്ന് ആശംസി ക്കുകയും എല്ലാ ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു.



## മാതൃകയായി ജൂബിലി കുടുംബാംഗം

സെക്യൂരിറ്റി വിഭാഗത്തിൽ സേവനമനുഷ്ഠിക്കുന്ന വിമോദ് കെ. എം. കളഞ്ഞു കിട്ടിയ ബ്രേസ്‌ലെറ്റ് തിരിച്ചേൽപ്പിച്ചു ജീവനക്കാർക്ക് മാതൃകയായി.

# ജൂബിലിക്ക് Adverse Drug Reaction Monitoring Centre ആയി അംഗീകാരം

ജൂബിലി മിഷൻ ആശുപത്രിയെ ഇന്ത്യൻ ഫാർമകോപ്പിയ കമ്മിഷൻ (ഐപിസി), നാഷണൽ കോഓർഡിനേഷൻ സെന്റർ (NCC)ഫാർമകോവിജിലൻസ് പ്രോഗ്രാം ഓഫ് ഇന്ത്യ (PvPI), ഖാസിയാബാദ് എന്നിവയുടെ കീഴിൽ പ്രവർത്തിക്കാവുന്ന Adverse Drug reaction Centre ആയി അംഗീകരിച്ചു.

ഈ പ്രോഗ്രാമിന് രണ്ട് പ്രധാന ലക്ഷ്യങ്ങളുണ്ട്. 1). ADR തടയുന്നതിനായി Adverse Drug Reaction റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഒരു സംസ്കാരം വളർത്തിയെടുക്കുക. 2). NMC, NABH അക്രിഡിയേഷന് വേണ്ടി നിർബന്ധിതവും വ്യക്തവുമായ ഒരു പ്രക്രിയ സ്ഥാപിക്കുക. കൃത്യമായ റിപ്പോർട്ടിങ് സിസ്റ്റം വഴിയായി നമ്മുടെ ആശുപത്രിയിലെ ADRകളുടെ തരങ്ങളെയും സാമ്പത്തിക ഭാരത്തെയും കുറിച്ചുള്ള വ്യക്തമായ ധാരണ നമുക്ക് ലഭിക്കും. കൂടുതൽ ഗുരുതരമായ ADRകൾ തടയാൻ സഹായിക്കുന്നതിനുള്ള ആദ്യപടിയായി ഡിസ്ചാർജിൽ രോഗിക്ക് അലേർട്ട് കാർഡുകൾ നൽകുന്നു.

ഒരു ADR റിപ്പോർട്ട് ചെയ്യാൻ ഒരു മിനിറ്റ് മാത്രമേ എടുക്കൂ എന്ന് ഓർമ്മിക്കുക. നിങ്ങളുടെ സഹായത്തിന് ഒരു രോഗിയുടെ ജീവൻ രക്ഷിക്കാൻ കഴിയും.

# ജൂബിലിയിൽ പുസ്തക പ്രകാശനം

ബയോമെഡിക്കൽ സ്റ്റാഫ് അഭിലാഷ് എം എഴുതിയ ചെറുകഥകളുടെ സമാഹാരമായ കൂറ്റൻ മതിൽ എന്ന



പുസ്തകം ജൂബിലി മിഷൻ ഡയറക്ടർ ഫാദർ ഫ്രാൻസിസ് പള്ളിക്കുന്നത്ത് സംവിധായകനും എഴുത്തുകാരനുമായ കെ വി ഗണേശ് മാസ്റ്റർക്ക് നൽകി പ്രകാശനം ചെയ്തു. ജൂബിലി ഫിനാൻഷ്യൽ മാനേജർ സി. എ. ജീൻ പോൾ പുസ്തകം പരിചയപ്പെടുത്തി. ജൂബിലി മിഷൻ ഹോസ്പിറ്റൽ സി. ഇ. ഒ. ശ്രീ ബെന്നി ജോസഫ് നീലങ്കാവിൽ ആശംസകൾ നേർന്നു.

# എപ്പിഡ്യൂറൽ അനുഭവക്കുറിപ്പ്

വിവാഹം കഴിഞ്ഞു ഏഴു വർഷത്തിന് ശേഷമാണ് അമ്മയും അച്ഛനുമാകാൻ ഞങ്ങൾ മനസ്സുകൊണ്ട് തയ്യാറെടുത്തത്. പ്രെഗ്നൻസി പോസിറ്റിവ് ആണെന്ന് അറിഞ്ഞത് മുതൽ ആഹ്ലാദത്തോടൊപ്പം ഒത്തിരി ആശങ്കകളുമുണ്ടായിരുന്നു. ആദ്യത്തെ അനുഭവമായതുകൊണ്ട് നിരന്തരം സംശയങ്ങൾ ചോദിച്ചുകൊണ്ട് ഡോ. അശ്വത് കുമാറിനെ ഞാൻ ശല്യപ്പെടുത്തി കൊണ്ടേയിരുന്നു. വളരെ സ്നേഹത്തോടെയാണ് ഡോക്ടർ അതിനെല്ലാം മറുപടി തന്നിരുന്നത്. ഏറ്റവുമധികം ടെൻഷൻ അടിച്ചിരുന്നത് പ്രസവത്തെകുറിച്ചു ആലോചിച്ചായിരുന്നു.

ഗർഭകാലത്ത് പലഹാരവുമായി കാണാൻ വരുന്ന ഭൂരിഭാഗം പേരും പേടിപ്പെടുത്തുന്ന രീതിയിൽ അവരുടെ പ്രസവാനുഭവങ്ങൾ വർണിക്കുന്ന പതിവുണ്ട്. ആ വർണ്ണനകൾ കേട്ട് ഉറക്കം കളഞ്ഞ രാത്രികളും കുറവല്ല. എന്റെ ടെൻഷനും വേലാതിയും കണ്ട് എന്റെ ഭർത്താവാണ് എന്നോട് എപ്പിഡ്യൂറലിന്റെ ബോർഡ് കണ്ടെന്നും ഇനി ഡോക്ടറെ കാണാൻ പോകുമ്പോൾ വിവരങ്ങൾ വിശദമായി ചോദിച്ചു മനസിലാക്കാമെന്നും പറഞ്ഞ് അദ്ദേഹം എന്നെ സമാധാനിപ്പിച്ചു. അത്രയധികം പൈസ ചെലവില്ലാത്ത ഒരു മാർഗം നമുക്കുള്ളപ്പോൾ ഇത്ര വേദന സഹിക്കേണ്ട കാര്യമില്ലെന്നു ഡോക്ടറും നിർദ്ദേശിച്ചു. മനസ്സ് അതോടെ തണുത്തു. വേദന സഹിക്കേണ്ടല്ലോ എന്നാണ് വീട്ടുകാരും പറഞ്ഞത്. വളരെ സന്തോഷത്തോടെ ഏപ്രിൽ 16ന് ജൂബിലിയിൽ പ്രസവമുറിയിൽ പ്രവശിച്ചു. 17ന് ഉച്ചയോടെ വേദന വന്ന് തുടങ്ങിയപ്പോൾ എപ്പിഡ്യൂറൽ സ്റ്റാർട്ട് ചെയ്തു. പുറത്തു വച്ച സൂചിയിലൂടെപതിയെ നൽകുന്ന വേദന സംഹാരി. ഞാൻ പിന്നെ ആ വേദനയുടെ കാഠിന്യം അറിഞ്ഞതേയില്ല. അപ്പുറത്തെ കിടക്കകളിലെല്ലാം എപ്പിഡ്യൂറൽ വേണ്ടാന്ന് പറഞ്ഞവരെല്ലാം വാവിട്ടു നിലവിളിക്കുന്നുണ്ട്. ചെറിയ തണ്ടൽ കഴപ്പല്ലാതെ ഒന്നും ഞാൻ അറിഞ്ഞില്ല. അഞ്ചു ആറ് മിനിറ്റിനുള്ളിൽ വാവ പുറത്തു വന്നു. അവളെ കണ്ടപ്പോളുണ്ടായ സന്തോഷം... അന്നേരം മാത്രമാണ് ഞാൻ കരഞ്ഞത്. എപ്പിഡ്യൂറൽ ഒരുപോലെ മനസ്സിനും ശരീരത്തിനും ആശ്വാസം പകരുന്ന ചികിത്സ രീതിയാണ്. കേട്ട് തഴമ്പിച്ച എല്ലു നുറുങ്ങുന്ന പ്രസവവേദനയെ ഇനി ഭയപ്പെടേണ്ട കാര്യമില്ല. അനുഭവമാണ്...

**ശ്രീമതി ഷഹന ജീവൻലാൽ**
**പേഷ്യന്റ്**



# ഡോക്ടർസ് ഡേ ദിനാചരണം ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ

ഡോക്ടർസ് ഡേയോട് അനുബന്ധിച്ച് ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വിദ്യാർഥികൾ താഴെപ്പറയുന്ന പരിപാടികൾ നടത്തി:

LUCEM VITAE (ജീവന്റെ വെളിച്ചം):

കോവിഡ് രോഗവ്യാപനത്തിന് എതിരെയുള്ള ഡോക്ടർമാരുടെ നിസ്വാർത്ഥ സേവനത്തിന് ആത്മാർഥമായ കൃതജ്ഞത പ്രകടിപ്പിച്ചുകൊണ്ട് 'ഡോക്ടർ ആരാണ്? ഡോക്ടറാവുക എന്നതിന്റെ അർത്ഥം എന്താണ്?' എന്ന വിഷയത്തെക്കുറിച്ച് വിവിധ മുതിർന്ന കൺസൾട്ടന്റുകളുടെ അഭിപ്രായങ്ങൾ ശേഖരിച്ച് യൂട്യൂബിൽ പ്രസിദ്ധപ്പെടുത്തി.




Dr. പ്രവീൺ ലാൽ കുറ്റിച്ചിറ (പ്രിൻസിപ്പൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്), Dr. സി വി ആൻഡ്രൂസ് (പ്രൊഫസർ, HOD ഒഫ്താൽമോളജി, മെഡിക്കൽ സൂപ്രണ്ട്, JMMC), ഡോക്ടർ ആശ്വത് കുമാർ (അഡീഷണൽ പ്രൊഫസർ, ഗൈനക്കോളജി), Dr. ഫിജു ചാക്കോ (പ്രൊഫസർ, ന്യൂറോളജി), Dr. വിനയ രമേശ് (അസോസിയേറ്റ് പ്രൊഫസർ, ജനറൽ മെഡിസിൻ), Dr. ചിത്ര വത്സൻ (പ്രൊഫസർ മൈക്രോബയോളജി), Dr. അപർണ നമ്പൂതിരിപ്പാട് (അസോസിയേറ്റ് പ്രൊഫസർ, പീഡിയാട്രിക്സ്), Dr. ബിജു ബാഹുലേയൻ (പ്രൊഫസർ, ഫിസിയോളജി) എന്നിവരുടെ പ്രഭാഷണങ്ങൾ വൈദ്യശാസ്ത്ര മേഖലയിലെ എല്ലാവർക്കും വെളിച്ചം വീശുന്നത് ആയിരുന്നു. 'എവിടെയാണോ വൈദ്യശാസ്ത്രമാകുന്ന കല സ്നേഹിക്കപ്പെടുന്നത് അവിടെ

മാനവികതയോടുള്ള സ്നേഹവും ഉണ്ട്' എന്ന ആശയം വീഡിയോയിൽ ഉടനീളം പ്രബലമായിരുന്നു.

DOCTORS BEYOND THE OBVIOUS:

ക്ലബ് ഹൗസ് എന്ന ഓൺലൈൻ മാധ്യമത്തിൽ നമ്മുടെ വിശിഷ്ടരായ ഡോക്ടർമാരുടെ സംഘവുമായി ചർച്ച സംഘടിപ്പിച്ചു. ആമുഖ സന്ദേശം നൽകിയ ഡോക്ടർ സി വി ആൻഡ്രൂസ് (HOD ഒഫ്താൽമോളജി, മെഡിക്കൽ സൂപ്രണ്ട്) യുവ ഡോക്ടർമാരെ പ്രചോദിപ്പിക്കുകയും ഔദ്യോഗിക ജീവിതത്തിലും വ്യക്തിജീവിതത്തിലും വിജയം കൈവരിക്കുന്നതിനും എല്ലാ രോഗികളുടെ ഹൃദയത്തിലെ ഏറ്റവും മികച്ച ഡോക്ടർ ആവുന്നതിനും ആവശ്യമായ 10 പ്രധാന മൂല്യങ്ങൾ '10 കൽപ്പനകൾ' നൽകുകയും ചെയ്തു.

Dr. സരോജം പി യുടെ (പീഡിയാട്രിക്സ്) പ്രഭാഷണം മെഡിക്കൽ വിദ്യാർത്ഥികളിൽ ആവേശം കൊള്ളിക്കുന്നത് ആയിരുന്നു. ഡോക്ടർമാർക്കെതിരെയുള്ള ആക്രമണങ്ങൾ എന്ന വിഷയത്തെക്കുറിച്ച് Dr. അപർണ നമ്പൂതിരിപ്പാട് (പീഡിയാട്രിക്സ്) പ്രസംഗിച്ചു. Dr. ജോബിൻസ് ജോസ് (ഫാർമക്കോളജി, എസ് പി എം) കോവിഡ് രോഗവ്യാപനത്തെയും അനുബന്ധ വിഷയങ്ങളെയും കുറിച്ച് സംസാരിച്ചു.

ഈ പരിപാടികൾ വിജയകരമായി കൊണ്ടാടിയതിൽ JMMC മെഡിക്കോസിന്റെ മുഴുവൻ സംഘത്തിനും അവരുടെ സഹായക ടീമിനും അഭിവാദ്യങ്ങൾ.

## Welcome to Jubilee Family

| | |
|---|---|
| Dr.Praveena Sobhana Kumar | Ophthalmology |
| Dr.Srikanth M | General Surgery |
| Dr.Dileep K V | JCMR |
| Dr.Sudheesh C | Cardiology |
| Dr.Amritha P R | Nephrology |
| Sr.Merin Joseph | Nursing |
| Sr.Mini K P (Sr Christeena ) | Nursing |
| Sr.Celine | Nursing |
| Sr.Sini E J (Sr Sini Anna) | Nursing |
| Sr.Lincy Chungath (Baby C M) | JMCON |
| Ms.Sinu Jose | Medical Records |
| Ms.Dimple Paulson | Ayurveda |
| Ms.Rosemary C J | Audiology& Speech Pathology |
| Mr.Nibin M B | Laundry |

# നിത്യരസായനം

ഏത് പ്രായത്തിലും ഏത് കാലാവസ്ഥയിലും നവയൗവ്വനം നിലനിർത്താൻ ആവശ്യമായ രസായന ഗുണമുള്ള ആഹാര ഔഷധ ജീവിതചര്യകളെയാണ് ആയുർവ്വേദശാസ്ത്രം രസായന ചികിത്സ എന്ന് വിവക്ഷിക്കുക – രസായനം എന്ന പദം



അർത്ഥമാക്കുക, ശരീരനിർമ്മിതിക്കാധാരമായ ഏഴ് അടിസ്ഥാന ധാതുക്കൾ – രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്രം ഇവ ക്രമീകൃതമായ രീതിയിൽ പാകപരിണാമ പ്രക്രിയകൾക്ക് വിധേയമായി, ആരോഗ്യപൂർണ്ണവും യൗവ്വനയുക്തവുമായ ശരീര മനസ്സുകളുടെ നിർമ്മിതിയ്ക്ക് ആവശ്യമായ സാധന സംവിധാനങ്ങൾ, ജീവിതചര്യകൾ എന്നാണ്.

രസായന ഗുണങ്ങൾ താഴെ പറയുന്നു:

ദീർഘായുസ്സ്, ഓർമ്മശക്തി, ധാരണാശക്തി, ആരോഗ്യം, യൗവ്വനം, ദീപ്തമായ ശരീരവർണ്ണം, സ്വരമാധുര്യം, വാക്സിദ്ധി, ഓജസ്സ്, ശരീരത്തിനും പഞ്ചേന്ദ്രിയങ്ങൾക്കും കർമ്മകരണശക്തി, ഉല്പാദനക്ഷമത, ശരീരകാന്തി ആദിയായവയെല്ലാം രസായനചികിത്സകൊണ്ട് ലഭ്യമാക്കുന്നു.

നിത്യരസായനങ്ങൾ എന്ന ശീർഷകത്തിൽ വിവരിക്കുക, അനുദിനം ശീലിക്കേണ്ട രസായനഗുണമുള്ള ജീവിതചര്യകളാണ്. അവ ഏതൊക്കെ എന്ന് നോക്കാം.

“സത്യവാദിനമക്രോധം അദ്ധ്യാത്മ പ്രവണേന്ദ്രിയം
ശാന്തം സൽവൃത്തനിരതം വിദ്യാനിത്യരസായനം
ഗുണൈരേഭിസ്സമുദിതഃ സേവതോയേരസായനം
സ നിർവൃതാത്മാ ദീർഘായുഃ പരത്രേഹ ച മോദതേ”

അഷ്ടാംഗഹൃദയം, ഉത്തരസ്ഥാനം 39:181–181–182 ഇതിന്റെ വിശദാംശങ്ങൾ താഴെ വിവരിക്കുന്നു:

- സത്യസന്ധനും വിശ്വസ്തനുമായിരിക്കുക.
- ക്രോധം, ദ്വേഷ്യം, വൈരാഗ്യം, പക ആദിയായ ശത്രുത വികാരങ്ങൾ നിയന്ത്രിക്കുക.
- ദൈവിക നന്മകളും ഗുണങ്ങളും ജീവിത ശൈലിയാക്കുക.
- പഞ്ചേന്ദ്രിയ സന്തോഷങ്ങളിൽ മിതത്വം പാലിക്കുക.
- സർവ്വോപരി ഏതു സാഹചര്യത്തിലും ശാന്തരായിരിക്കുക.
- ശ്രേഷ്ഠരായവ്യക്തികളും ദൈവിക പ്രബോധനങ്ങളും ജീവിത ദർശനമാക്കുക.

ഇവയെല്ലാം അനുദിനം പാലിച്ചാൽ അവർ സന്തോഷവും സൗഖ്യവുമുള്ളവരായി ദീർഘകാലം ജീവിക്കും. ഈ ലോകത്തിലും പരലോകത്തിലും അവർ ആനന്ദം അനുഭവിക്കും.

ആധുനിക ഗവേഷണങ്ങൾ ഇത്തരത്തിലുള്ള സാത്വിക ജീവിതത്തെപ്പറ്റി പഠനം നടത്തിയപ്പോൾ ഇവരുടെ രക്തത്തിൽ പ്രതിരോധശേഷിക്ക് കാരണമായ T cells & B Cells വർദ്ധിച്ചിരുന്ന



തായിട്ടാണ് തെളിഞ്ഞത്. കൂടാതെ Endoerphin, Oxytocin, തുടങ്ങിയ hormonesന്റെ അളവ് കൂടി, പരസ്പരം ആഴത്തിൽ സ്നേഹിക്കാനും കുടുംബ ബന്ധങ്ങൾ വളരാനും സാധിച്ചു. ഇത് അവർ ഉല്ലാസഭരിതരാകാനും സാമൂഹ്യബന്ധങ്ങൾ വളർത്താനും പരസ്പരം സഹാനുഭൂതിയും സഹായവും സംലഭ്യതയും വർദ്ധിക്കാനും അവരെ പ്രാപ്തരാക്കുന്ന സൗഹൃദ Hormones ആയ Dopamin, Serotomin, Vasoprassin എന്നിവയുടെ രക്തത്തിലേക്കുള്ള ഒഴുക്ക് വർദ്ധിക്കാനും ഇടയായി. ഒപ്പം തന്നെ Adrenaline cortisole എന്നിവയുടെ അമിതപ്രസരം കുറഞ്ഞ് അവർ ശാന്തശീലരായി.



അതെ. ഏതൊക്കെ സാഹചര്യസമ്മർദ്ദങ്ങൾ ഉണ്ടായാലും നമ്മുടെ ആന്തരികശക്തി സാത്വിക മനസ്സിന്റെ ശക്തി ആയിരിക്കും. അതിനാൽ സാത്വിക മനസ്സാകട്ടെ ആരോഗ്യത്തിന്റെ പ്രഥമ പ്രതിരോധ നിര.

അപ്പോൾ നിത്യരസായനത്തിന്റെ കാലിക പ്രസക്തി ഏന്താണ് അല്ലേ? 2021 ലെ കാലവർഷം ആരംഭിച്ചു കഴിഞ്ഞു. ആരോഗ്യവും രോഗപ്രതിരോധശക്തിയും ഏറ്റവും കുറവുള്ള ഇക്കാലത്ത് പകർച്ചവ്യാധികളുടെ ആക്രമണവും കൂടിവരും. ആഗോള വ്യാപകമായ കോവിഡും പുതിയ രൂപഭാവങ്ങളിൽ ഒന്നിനു പുറകെ ഒന്നായി ലോകജനതയെ നശീകരണത്തിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കും.

ഈ കാലഘട്ടത്തിൽ ഔഷധ ചികിത്സയിലും പോഷകാഹാര സംലഭ്യതയിലും പ്രതിരോധ പ്രതിവിധികളിലും നാം ശ്രദ്ധാലുക്കൾ തന്നെ– ആരോഗ്യ സംരക്ഷണത്തിന് ആവശ്യം വേണ്ട യൗവ്വനാവസ്ഥയും മനോശുദ്ധിയും ആത്മധൈര്യവും ആർജ്ജിച്ചെടുക്കാൻ അനിവാര്യമായ "നിത്യരസായനങ്ങൾ" ജീവിതനിയമമാക്കി, കൊറോണയെ നമുക്ക് അതിജീവിക്കാം.

ഡോ. സി. ഡൊണാറ്റ സി. എസ്. സി.
ചീഫ് കൺസൾറ്റൻറ്, ജൂബിലി ആയുർവേദ

Editorial Board
Rev. Fr. Dr. Demin Tharayil | Dr. Benny Joseph | Dr. Aswath Kumar R
Mr. Noble Thomas | Adv. Justin C J | Mr. Baby P A | Ms. Rakhi K B
Ms. Chippy K S | Ms. Mariya Tony | Ms. Ambily Ulahannan | Mr. Joshi Paul

Service with Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Bishop Alapatt Road, Jubilee Mission P.O., Thrissur, Kerala – 680 005
Ph: +91487 2432200 | jm@jmmc.ac.in | www.jmmcri.org